LIBRARY ARCHIVES Kerala Legislative Assembly

തോട്ടം മേഖലയുടെ സമഗ്ര പുരോഗതി

6 (*456) ശ്രീ. എ. രാജ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിവിധ വാണിജ്യ കരാറുകളിൽ ഏർപ്പെട്ടത് സംസ്ഥാനത്തെ തോട്ടം മേഖലയെ പ്രതിസന്ധിയിലാക്കിയ സാഹചര്യത്തിൽ സർക്കാർ നടപ്പാക്കുന്ന ആശ്വാസ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തോട്ടം മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27-11-2015-ലെ 188/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം റിട്ട: ജസ്റ്റിസ് കൃഷ്ണൻ നായരെ കമ്മീഷനായി നിയമിക്കുകയും, കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ച്, കമ്മിറ്റിയുടെ ശിപാർശകൾ 29-6-18-ലെ സ.ഉ.(കൈ)നമ്പർ 44/18/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്. കമ്മീഷന്റെ ശിപാർശകളിൽ ഭൂരിഭാഗവും സർക്കാർ അംഗീകരിക്കുകയും സമഗ്രമായ ഒരു പ്ലാന്റേഷൻ നയം രൂപീകരിച്ച് അന്തിമ രൂപം നൽകി 22-1-2021-ലെ സ.ഉ.(കൈ) നമ്പർ 6/2021/തൊഴിൽ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തോട്ടം വ്യവസായത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പ്ലാന്റേഷൻ ഡയറക്ടറേറ്റിനെ വ്യവസായ വകുപ്പിന് കീഴിലാക്കിയിട്ടുണ്ടോ?

11-2-2021-ലെ സ.ഉ.(കൈ)നമ്പർ 12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിനുകീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 20-5-2021-ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിന് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളെല്ലാം തോട്ടം വ്യവസായത്തിനും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർക്കാർതലത്തിൽ പരിശോധിക്കുന്നതാണ്.

(ഡി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്ലാന്റേഷൻ നയത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്.